LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുക, റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിച്ചു കൊടുക്കുക, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, പദ്ധതിയുടെ ഒന്നാം ഘട്ടമായ ഡിജിറ്റലൈസേഷൻ, സപ്ലൈ ചെയിൻ മാനേജ്മെന്റ് സിസ്റ്റം, പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം എന്നിവ നടപ്പിലാക്കുക ഇവയൊക്കെയാണ് കേന്ദ്ര നിർദ്ദേശങ്ങൾ. പൊതുവിതരണരംഗം കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾക്ക് കേരളം തുടക്കം കറിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഗുണഭോക്താവും റേഷനിംഗ് സമ്പ്രദായത്തിൽ നിന്ന് ഒഴിവാക്കപ്പെടില്ല. കേന്ദ്ര സർക്കാർ പ്രതിവർഷം നൽകുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 ലക്ഷം മെ.ടൺ മതിയാവുന്നതാണ്. ബാക്കി വരുന്ന 4.16 ലക്ഷം മെ.ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് നൽകുവാൻ കഴിയുന്നതാണ്. കേരളം, കൂടുതൽ (16.25 ലക്ഷം മെ.ടൺ) ഭക്ഷ്യധാന്യം നൽകണമെന്നും, മുൻഗണനാ വിഭാഗത്തിന് ആളൊന്നിന് 7 കി.ഗ്രാം ആയി വർദ്ധിപ്പിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ ഒരു ഗുണഭോക്താവ് പോലും റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്നില്ല. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ നിലവിലെ ഉപഭോക്താക്കൾ മുൻഗണനാ വിഭാഗം, പൊതു വിഭാഗം എന്നിങ്ങനെ രണ്ടായി തരം തിരിക്കപ്പെടും. കേന്ദ്രത്തോട് കേരളം കൂടുതൽ ഭക്ഷ്യധാന്യം ആവശ്യപ്പെട്ടിട്ടുണ്ട് (16.25 ലക്ഷം മെ.ടൺ).

(ഡി) അർഹതയുള്ളവർ (ബി.പി.എൽ.) മുൻഗണനാ വിഭാഗമായി തുടരും.

ആധുനിക സർവ്വേ സംവിധാനം ഉപയോഗിച്ചുള്ള സർവ്വേ

25 (*415) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത രീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>):

(എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് റീ-സർവ്വേ ചെയ്യണമെന്ന് 21-4-1997 ലെ ജി.ഒ.(ആർറ്റി.) നമ്പർ 271/97/റവന്യൂ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 18-9-2006-ലെ ജി.ഒ. (ആർറ്റി.) നമ്പർ 3920/2006/റവന്യൂ പ്രകാരം ബ്ലോക്ക്, ഖണ്ഡം എന്നിവയ്ക്കുവേണ്ടി ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.), ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്.) എന്നീ ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തുടർന്നുള്ള മാപ്പിംഗ് പ്രക്രിയ കമ്പ്യൂട്ടറിന്റെയും ബന്ധപ്പെട്ട സോഫ്റ്റ്വെയറുകളുടെയും അടിസ്ഥാനമാക്കി നടപ്പാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കൃത്യതയോടെയും, വളരെ വേഗത്തിലും റീ-സർവ്വേ നടപടികൾ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാനും റെക്കാർഡുകൾ നശിച്ചു പോകാതെ സൂക്ഷിക്കുവാനും സാധിക്കുന്നു. കമ്പ്യൂട്ടറിൽ റെക്കാർഡുകൾ തയ്യാറാക്കുന്നതിനാൽ ഡേറ്റ സൂക്ഷിക്കുവാനും ആവശ്യാനുസരണം പ്രിന്റുകൾ എടുക്കുവാനും സാധിക്കുന്നു.

(സി) ഓരോ കൈവശക്കാരനും അവരവരുടെ ഭൂമിയെ സംബന്ധിച്ച് വളരെ കൃത്യതയോടെ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയുന്നു. കൂടുതൽ കൃത്യതയാർന്ന സർവ്വേ റെക്കോർഡുകൾ, ജിയോ കോ-ഓർഡിനേറ്റ് അടിസ്ഥാനമാക്കി (അക്ഷാംശ രേഖാംശ രേഖകൾ പ്രകാരം) തയ്യാറാക്കുന്ന റെക്കാർഡുകൾ മാനുവൽ പ്ലോട്ടിംഗിനുപകരം ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ വ്യക്തതയോടെ തയ്യാറാക്കുന്ന മാപ്പ് പ്രിന്റുകൾ എളുപ്പത്തിൽ മാപ്പുകളുടെ കോപ്പികൾ എടുക്കുവാനുള്ള സൗകര്യം, സർവ്വേക്കല്ലുകൾ നഷ്ടപ്പെട്ടാലും അതിരുകൾ

LIBRARY ARCHIVES Kerala Legislative Assembly

പുനർനിർണ്ണയം കൃത്യതയോടെ നടത്തുവാനുള്ള സൗകര്യം എന്നിവയെല്ലാം ആധുനിക സർവ്വേയുടെ പ്രയോജനങ്ങളാണ്.

(ഡി) ടി രീതിയിൽ വളരെ കൃത്യതയോടെ സർവ്വേ നടത്തുന്നതിനായി ഗ്രൗണ്ട് കൺട്രോൾ പോയിന്റുകൾ സംസ്ഥാനത്തുടനീളം (78 വില്ലേജുകളിൽ 4443 പോയിന്റുകൾ) കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി രീതി അവലംബിച്ച് മിഷൻ 7 വില്ലേജുകളിൽ റീ-സർവ്വേ നടത്തുകയും അതിൽ തൃശ്ശൂർ ജില്ലയിലെ പുങ്കുന്നം എന്ന വില്ലേജ് ഐ.ടി. മിഷന്റെ തന്നെ സംരംഭമായി കെ.എസ്.ഡി.ഐ. എന്ന ജിയോ പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. തുടർന്ന് സർവ്വേ വകുപ്പ് റീ-സർവ്വേ നടത്തേണ്ട വില്ലേജുകൾ കേന്ദ്രീകരിച്ച് ജി.പി.എസ്. കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളിൽ മിഷൻ വ്യാപൃതമാണ്. കൂടാതെ ഒരു വില്ലേജിൽ രണ്ട് വീതം മെയിൻ കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും ഇതിലേക്കായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

അതുല്യം രണ്ടാംഘട്ടം

26 (*416) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതുല്യം രണ്ടാംഘട്ടത്തിന്റെ പ്രവർത്തനരീതി വിശദമാക്കുമോ ;

(ബി) ജനങ്ങൾക്കിടയിൽ ഈ പദ്ധതി ഉണ്ടാക്കിയ പ്രതികരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേരിടുന്ന സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കത്തക്കവിധം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ച് കേരള സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒരു നൂതന പദ്ധതിയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി. കേരളത്തിലെ 140 നിയോജക മണ്ഡലത്തിലെ

LIBRARY ARCHIVES Kerala Legislative Assembly